**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1730** **11-10-2024 - ൽ മറുപടിയ്ക്ക്**

**പുനലൂർ ഗവൺമെൻറ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കൊല്ലം, പത്തനംതിട്ട ജില്ലകളിലെ ഒരേയൊരു ഗവൺമെൻറ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടായ പുനലൂർ, നെല്ലിപ്പള്ളിയിൽ ഏറെ വർഷങ്ങളായി പ്രവർത്തിക്കുന്ന സ്ഥാപനത്തിൽ ഈ വർഷത്തെ സിലബസ്സ് റിവിഷനിൽ ടൈപ്പ്റൈറ്റർ മാറ്റുകയും പകരമായി വേർഡ് പ്രോസസിംഗ് കൂട്ടിചേർക്കുകയും ചെയ്തിട്ടുള്ളതിനാൽ കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങളുടെ അഭാവം കാരണം പഠനം ബുദ്ധിമുട്ടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പുനലൂർ ഗവ. കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടതിനാൽ ഈ വിഷയത്തിൽ 02.09.2024 ന് സർക്കാർ തലത്തിൽ യോഗം ചേരുകയും സ്ഥാപനം അടിയന്തരമായി മാറ്റി സ്ഥാപിക്കുന്നതിനും ഇതിനായി സ്ഥലം കണ്ടെത്തുന്നതിനും കൊല്ലം ജില്ലാ പഞ്ചായത്തുമായി കൂടിയാലോചിച്ച് നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | വിദ്യാർത്ഥികൾക്ക് ഫീസ് കൺസഷൻ ലഭിക്കുന്നതിനുള്ള ആൾ ഇന്ത്യ സർവ്വേ ഓൺ ഹയർ എഡ്യൂക്കേഷൻ -കോഡ് ലഭിയ്ക്കുന്നതിന് സ്റ്റേറ്റ് ടെക്നിക്കൽ കൗൺസിലിന്റെ അഫിലിയേഷൻ ലറ്റർ ആവശ്യമായി വന്നിട്ടുള്ളതിനാലും മതിയായ ഇൻഫ്രാസ്ട്രക്ച്ചറില്ലാതെ പ്രവർത്തിയ്ക്കുന്ന കാരണത്താൽ അഫിലിയേഷൻ ലഭിയ്ക്കാത്ത സാഹചര്യത്തിലും സ്ഥാപനത്തിന്റെ പുനരുദ്ധാരണത്തിനാവശ്യമായ തുടർ നടപടികൾ കൈക്കൊള്ളുമോ വിശദമാക്കാമോ? | (ബി) | AISHE കോഡ് അനുവദിക്കുന്നത് കേന്ദ്ര സർക്കാരാണ്. ജിസിഐ സ്ഥാപനങ്ങൾക്ക് AISHE കോഡ് ലഭ്യമായിട്ടില്ല. പത്താം ക്ലാസ്സ് കഴിഞ്ഞ് 3 വർഷത്തെ കോഴ്സുകൾക്കോ, പ്ലസ് ടു കഴിഞ്ഞ് കുറഞ്ഞത് 9 മാസത്തെ കോഴ്സുകൾക്കോ ആണ് AISHE കോഡ് അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ